REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-04-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇനി അഞ്ച് ദിവസം. സ്ഥാനാർത്ഥികളും , മുന്നണികളും അവസാനവട്ട പ്രചാരണത്തിൽ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി NDA പ്രചാരണത്തിന് നാളെ കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ പ്രചാരണം നടത്തും.**
- **കർണാടക ഉപമുഖ്യമന്ത്രി DK ശിവകുമാറും, CWC അംഗം ദിപേന്ദർ സിംഗ് ഹൂഡെയും UDF നായി ഇന്ന് സംസ്ഥാനത്ത്.**
- **ഇന്ന് ദുഖവെള്ളി. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും കുരിശുമരണവും അനുസ്മരിച്ച് ക്രൈസ്തവ വിശ്വാസികൾ.**
- **ജൻ വിശ്വാസ് ഭേദഗതി ബില്ലും 'കേന്ദ്ര സായുധ പൊലീസ് സേന പൊതുഭരണ ബില്ലും പാർലമെന്റ് പാസാക്കി.**
- **IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് അഞ്ച് ദിവസം മാത്രം ശേഷിക്കെ, സ്ഥാനാർത്ഥികളും , മുന്നണികളും അവസാനവട്ട പ്രവർത്തനങ്ങളിലേക്ക് നീങ്ങി. ദേശീയ - സംസ്ഥാന നേതാക്കളുടെ വരവോടെ ഇന്നും നാളെയും സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം പാരമ്യത്തിലേക്കെത്തും.

പ്രധാനമന്ത്രി  നരേന്ദ്രമോദി NDA യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് നാളെ കേരളത്തിലെത്തും. തിരുവല്ലയിലെ പൊതുപരിപാടിയിൽ പങ്കെടുക്കുന്ന നരേന്ദ്രമോദി, തിരുവനന്തപുരം നഗരത്തിലെ റോഡ് ഷോയിലും പങ്കെടുക്കും.

ഉച്ചകഴിഞ്ഞ്  ചങ്ങനാശ്ശേരി NSS കോളേജ് ഗ്രൗണ്ടിലിറങ്ങുന്ന അദ്ദേഹം റോഡ് മാർഗ്ഗമാണ് തിരുവല്ലയിലെത്തുന്നത്. തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ പൊതുസമ്മേളനത്തെ  അദ്ദേഹം അഭിസംബോധന ചെയ്യും. തിരുവല്ല, ആറന്മുള, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, റാന്നി, കോന്നി, അമ്പലപ്പുഴ, അടൂർ, ചങ്ങനാശ്ശേരി, കായംകുളം മണ്ഡലങ്ങളിലെ NDA സ്ഥാനാർത്ഥികളും പരിപാടിയിൽ പങ്കെടുക്കും.

പ്രചാരണ പരിപാടികളുടെ വിശദാംശങ്ങൾ ന്യൂസ് ഡെസ്ക്കിൽ നിന്ന്

......(വോയ്സ്)...

വോയ്സ്- തിരഞ്ഞെടുപ്പ് പ്രചാരണം

തിരുവല്ലയിൽ നിന്ന്  തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി,  കിള്ളിപ്പാലം മുതൽ കരമന വരെ  ഒന്നര കിലോമീറ്റർ ദൂരം  റോഡ് ഷോയിൽ സംബന്ധിക്കും.

തിരുവനന്തപുരം ജില്ലയിലെ  NDA സ്ഥാനാർത്ഥികളും  റോഡ് ഷോയുടെ ഭാഗമാകും.  ജില്ലയിലെ NDA സ്ഥാനാർത്ഥികളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ചയും നടത്തും. വൈകിട്ട് ഏഴ് മണിയോടെ പ്രധാനമന്ത്രി ഡൽഹിക്ക് മടങ്ങും.

NDA യുടെ പ്രചാരണത്തിന് കേന്ദ്രമന്ത്രിയും മുതിർന്ന BJP നേതാവുമായ JP നദ്ദ ഇന്ന് തിരുവനന്തപുരത്തെത്തും. മുൻ കേന്ദ്രമന്ത്രി  സ്മൃതി ഇറാനി അരുവിക്കരയിലെ റോഡ്ഷോയിൽ പങ്കെടുക്കും.

കേന്ദ്രമന്ത്രി സുരേഷ് ഗോപി ഇന്നലെ പിണറായിയിലും തലശ്ശേരിയിലും NDA പ്രചാരണ റോഡ് ഷോയിൽ പങ്കെടുത്തു.  NDA ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വലിയ  വികസന പദ്ധതികൾ നടപ്പാക്കി വരുന്നതായി അദ്ദേഹം പറഞ്ഞു. മാഹിയിൽ NDA കുടുംബ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

BJP തമിഴ്നാട് മുൻ സംസ്ഥാന പ്രസിഡന്റ് K.അണ്ണാമലൈ നാളെ NDA പ്രചരണത്തിന് കണ്ണൂരിലെത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ LDF തിരഞ്ഞെടുപ്പ് പ്രചാരണപരിപാടികളിൽ പങ്കെടുക്കും . രാവിലെ പേരാവൂർ, ചാവശ്ശേരി, വൈകീട്ട് മുണ്ടയാട് , അഴീക്കോട്, പുതിയതെരു, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിലാണ് മുഖ്യമന്ത്രിയുടെ പ്രചാരണം.

കേരളത്തിൽ LDF നെതിരായ എതിർ മുന്നണികളുടെ നുണപ്രചരണങ്ങൾ വിലപ്പോകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ കോഴിക്കോട്ട് പറഞ്ഞു. നോർത്ത് -സൗത്ത് മണ്ഡലങ്ങളുടെ തെരഞ്ഞെടുപ്പ് റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തിരുവനന്തപുരത്തെ വാമനപുരം മണ്ഡലത്തിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും ഇന്ന് തിരുവനന്തപുരത്ത് LDF നായി പ്രചാരണം നടത്തും.

കോൺഗ്രസ് പ്രവർത്തക സമിതിയംഗം ദിപേന്ദർ സിംഗ് ഹൂഡ UDF പ്രചാരണത്തിൽ ഇന്ന് തിരുവനന്തപുരത്ത് പങ്കെടുക്കും. കർണാടക ഉപ മുഖ്യമന്ത്രി DK ശിവകുമാർ വട്ടിയൂർകാവിലെ പ്രചാരണത്തിൽ പങ്കെടുക്കും.

പ്രതിപക്ഷ നേതാവ് VD സതീശൻ നാളെ കണ്ണൂർ ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും. മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും നാളെ കണ്ണൂരിൽ UDF പ്രചാരണത്തിനെത്തും.

✪✪✪

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്നും നാളെയും ഡ്രോണുകൾക്ക് നിരോധമേർപ്പെടുത്തി. തിരുവനന്തപുരത്ത് നാളെ ഗതാഗത നിയന്ത്രണവും ഉണ്ടായിരിക്കും,

തിരുവല്ല- ചങ്ങനാശേരി MC റോഡിൽ ഇന്നും നാളെയും ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് ആറ് വരെ ട്രാഫിക് നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

എറണാകുളം ജില്ലയിൽ ഇന്ന് നടത്താനിരുന്ന സ്ഥാനാർത്ഥികളുടെ വരവ് - ചെലവ് രജിസ്റ്റർ പരിശോധന നാളത്തേക്ക് മാറ്റി. ആറ്, ഏഴ് തിയതികളിലെ പരിശോധന മുൻനിശ്ചയപ്രകാരം നടത്തും.

✪✪✪

കേരളത്തിൽ ഏയിംസ് വരാത്തത് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സ്ഥലവും, അടിസ്ഥാന സൗകര്യങ്ങളും നൽകാത്തതുകൊണ്ടാണെന്ന് ഭാരതീയ ജനതാ യുവമോർച്ച ദേശീയ അധ്യക്ഷൻ തേജസ്വി സൂര്യ അഭിപ്രായപ്പെട്ടു. കേരളത്തിലെ വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുകയാണെന്ന് കോഴിക്കോട് പൂവാട്ടുപറമ്പിൽ 'യൂത്ത് മീറ്റ്' ഉദ്ഘാടനം ചെയ്യവെ തേജസ്വി സൂര്യ പറഞ്ഞു.

NDA യുടെ പ്രകടന പത്രിക ജനങ്ങൾക്ക് മുന്നിൽ മുന്നണി മുന്നോട്ടു വെയ്ക്കുന്ന ഉറപ്പുകളാണെന്നും കേവല വാഗ്ദാനങ്ങളല്ലെന്നും തേജസ്വി സൂര്യ വ്യക്തമാക്കി.

✪✪✪

കാസർകോട് കുടുംബശ്രീ ജില്ലാമിഷന്റെ 'വോട്ടായാനം 2026' ബീച്ച് ഫുട്ബോൾ ടൂർണമെന്റിന് കസബ കടപ്പുറത്ത് തുടക്കമായി. വോട്ടർമാരെ കൂടുതലായി തിരഞ്ഞെടുപ്പിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

....(വോയ്സ്)....

✪✪✪

കോഴിക്കോട് ജില്ലയിൽ തിരഞ്ഞെടുപ്പ് പോളിങ് ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരിൽ നിന്ന് 21,588 പോസ്റ്റൽ വോട്ട് അപേക്ഷകൾ ലഭിച്ചു. ഇതിൽ 11,921 അപേക്ഷകൾ വരണാധികാരികൾ അംഗീകരിച്ചു. ശേഷിക്കുന്ന അപേക്ഷകളിൽ പരിശോധന ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

രണ്ടാംഘട്ട റാൻഡമൈസേഷനിൽ പോളിങ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാകുകയും എന്നാൽ അതിന് മുമ്പ് തപാൽ വോട്ടിന് അപേക്ഷ സമർപ്പിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് അനുവദിക്കില്ല. ഇവർ പോളിങ് ബൂത്തിലെത്തി വോട്ട് ചെയ്യണം.

✪✪✪

BJP യിലേക്ക് എത്തിയ മറ്റ് പാർട്ടികളിലെ നേതാക്കളെ തിരുവനന്തപുരം വികസിത നേമം ഹെഡ്ക്വാർട്ടേഴ്സിൽ പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഷോളണിയിച്ച് സ്വീകരിച്ചു. മുൻ MLA യും, കേരളകോൺഗ്രസ് വൈസ് ചെയർമാനുമായ മാത്യു സ്റ്റീഫൻ, ദേശീയമുന്നോക്ക സമുദായ ഐക്യവേദി ചെയർമാൻ രാമചന്ദ്രൻ നായർ, CPI തിരുവല്ലം ലോക്കൽ കമ്മറ്റി അംഗവുമായ G.S ബിന്ദു, എന്നിവരടക്കം നേതാക്കളാണ് BJP യിൽ ചേർന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പുതുച്ചേരിയിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും. വൈകിട്ട് വിമാനത്താവളത്തിലെത്തുന്ന അദ്ദേഹം, ഒരു കിലോമീറ്ററിലേറെ ദൂരം അണ്ണാശാലയിലെ റോഡ്ഷോയിൽ പങ്കെടുക്കും.

✪✪✪

ഇന്ന് ദുഖവെള്ളി. ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ പുതുക്കിയാണ് വിശ്വാസികൾ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നത്. ഇന്ന് ദേവാലയങ്ങളിൽ പ്രത്യേക കുർബാനകളും പ്രാർത്ഥനാ ചടങ്ങുകളും ശ്രുശൂഷകളും സംഘടിപ്പിച്ചിട്ടുണ്ട്.

ദുഖവെള്ളിയോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരിശിന്റെ വഴിയും ഉണ്ടായിരിക്കും.

താമരശ്ശേരി ചുരത്തിലെ കുരിശിന്റെ വഴി അടിവാരം ഗൽസമിൻ ഗ്രോട്ടോയിൽ നിന്ന് ആരംഭിച്ച് ലക്കിടി മൗണ്ട് സിനായ് ദേവാലയത്തിൽ സമാപിക്കും. രാവിലെ കണ്ണൂർ നഗരത്തിൽ സംയുക്ത കുരിശിന്റെ വഴിയും ഉണ്ടായിരിക്കും.

നാളെ പള്ളികളിൽ പുത്തൻ തീയും വെള്ളവും വെഞ്ചരിപ്പും മാമോദീസ വ്രത നവീകരണവും നടത്തും.

പെസഹാ ദിനമായ ഇന്നലെ രാത്രി കണ്ണൂർ ബർണശ്ശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ കാൽകഴുകൽ ശുശ്രൂഷയ്ക്ക് കണ്ണൂർ രൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല മുഖ്യ കാർമികനായി.

✪✪✪

ജൻ വിശ്വാസ് ഭേദഗതി ബിൽ 2026 പാർലമെന്റ് പാസാക്കിയത്, രാജ്യത്തെ വ്യവസായ മേഖലയ്ക്കും, ജനജീവിതത്തിനും ഏറെ ഗുണകരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കാലഹരണപ്പെട്ട നിയമങ്ങളും, നിയന്ത്രണങ്ങളും ഒഴിവാക്കുന്നതിലൂടെ വിശ്വാസാധിഷ്ഠിതമായ ചട്ടക്കൂട് ഉണ്ടാവുകയും, ജനങ്ങളെ ശാക്തീകരിക്കാൻ കഴിയുകയും ചെയ്യുമെന്ന് അദ്ദേഹം വിലയിരുത്തി. ഗുരുതരമല്ലാത്ത നിയമനിഷേധങ്ങളെ ക്രിമിനൽ പട്ടികയിൽ നിന്ന് ഒഴിവാക്കിയത് കേസുകൾ വേഗത്തിൽ തീർപ്പാക്കാനും, നിയമനടപടികളിലെ അമിതഭാരം ഒഴിവാക്കാനും വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി കുറിപ്പിൽ വ്യക്തമാക്കി. നേരത്തെ ലോക്സഭ പാസാക്കിയ ബില്ലിന് ഇന്നലെയാണ് രാജ്യസഭ അംഗീകാരം നൽകിയത്.

✪✪✪

പശ്ചിമേഷ്യൻ സാഹചര്യം രാജ്യത്തുണ്ടാക്കിയ പ്രശ്നങ്ങൾ വിലയിരുത്താൻ അനൗപചാരിക കേന്ദ്രമന്ത്രിതല  സംഘത്തിന്റെ രണ്ടാമത്തെ യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം, പ്രതിസന്ധി നേരിടാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിലയിരുത്തി. രാജ്യത്തെ പാചകവാതക വിതരണത്തിൽ തടസ്സം നേരിട്ടില്ലെന്നും, ഗാർഹിക LPG വിതരണം സംഘർഷത്തിനു മുൻപത്തെ അവസ്ഥയിലേക്ക് എത്തിയതായും യോഗം അഭിപ്രായപ്പെട്ടു. വാണിജ്യ LPG വിതരണം 80 ശതമാനത്തോളമായതായും യോഗം കണ്ടെത്തി.

✪✪✪

ഇന്ത്യയുടെ അത്യാധുനിക യുദ്ധക്കപ്പൽ ‘ താരാഗിരി ‘ ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷനിംഗ് ചടങ്ങിൽ പങ്കെടുക്കും. സ്വയംപര്യാപ്ത ഭാരതമെന്ന ലക്ഷ്യത്തോടെ നാവികസേനയുടെ കരുത്തും, പോരാട്ട ശേഷിയും വർദ്ധിപ്പിക്കാൻ ഇത്തരം കപ്പലുകൾക്ക് കഴിയുമെന്ന് രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ വിദേശ നാണയ  കൗണ്ടറുകളിൽ തദ്ദേശ ഭാരതീയർക്കും ഇന്ത്യൻ കറൻസി മാറ്റിയെടുക്കാൻ റിസർവ് ബാങ്ക് അനുമതി നൽകി. നേരത്തെ ഈ സൗകര്യം പ്രവാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. മുംബൈയിൽ ഇതു സംബന്ധിച്ച വിജ്ഞാപനം റിസർവ് ബാങ്ക് ഇന്നലെ പുറപ്പെടുവിച്ചു,.

✪✪✪

ഛത്തീസ്ഗഡിൽ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് ഇന്ന് സമാപിക്കും. സമാപന ചടങ്ങ് വൈകിട്ട് റായ്പൂരിലാണ്. ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണുദേവ് സായി ചടങ്ങിൽ മുഖ്യാതിഥിയാകും.

അന്താരാഷ്ട്ര ബോക്സർ മേരി കോം, പ്രശസ്ത ഫുട്ബോൾ താരം ബൈച്ചുങ് ബൂട്ടിയ എന്നിവരും പ്രത്യേക അതിഥികളായി പങ്കെടുക്കും.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെ, ഈഡൻഗാർഡൻസിൽ 65 റൺസിന് തോൽപ്പിച്ചു. ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്,  പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേല ഇന്ന്. പുലർച്ചെ വാൾകടയൽ ചടങ്ങോടെ തുടക്കം കുറിക്കുന്ന വേല വെടിക്കെട്ടിനുശേഷം എഴുന്നള്ളത്ത് കാവുകയറി കാവിറക്കി ദേശത്ത് തിരിച്ചെത്തി കോലമിറക്കുന്നതോടെ സമാപിക്കും.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഈ വർഷത്തെ പൈങ്കുനി ഉത്സവം സമാപിച്ചു. ഇന്നലെ വൈകിട്ട് ആറാട്ട് ഘോഷയാത്രയോടെ ശംഖുമുഖത്തെത്തിയ വിഗ്രഹങ്ങൾ സമുദ്രത്തിൽ ആറാടിച്ച ശേഷം രാത്രി ക്ഷേത്രങ്ങളിലേക്ക് തിരിച്ച് എഴുന്നള്ളിച്ചു. ഘോഷയാത്രയുടെ ഭാഗമായി വൈകിട്ട് 4-45 മുതൽ രാത്രി ഒൻപത് വരെ തിരുവനന്തപുരം വിമാനത്താവള റൺവെ അടച്ചിടുകയും, സർവീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തിരുന്നു.

✪✪✪

---

***News Editor & News Reader : അനിൽ ചന്ദ്രൻ***
***News Team: ശ്രുതി എം, മണികണ്ഠൻ, DEO ഷീബ***